# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ജപ്പാൻ, ചൈന സന്ദർശനങ്ങൾക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യാത്ര തിരിക്കും. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും.

   **Prime Minister Narendra Modi to leave for Japan and China today. The PM will participate in the 15th India-Japan Annual Summit**

2. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അസമിലെത്തും

   **Union Home Minister Amit Shah to arrive in Assam today for a two-day visit.**

3. ജനക്ഷേമത്തോടൊപ്പം രാജ്യവികസനവും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

   **Union Minister of State George Kurien says that the government is implementing schemes aimed at national development along with people's welfare.**

4. ഊർജ്ജ സുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ദ്രവീകൃത പ്രകൃതി വാതകം വാങ്ങുന്നതിനുള്ള കരാറിൽ ഇന്ത്യയും യു എ ഇയും ഒപ്പുവച്ചു

   **India and UAE signed an agreement to purchase liquefied natural gas with the aim of ensuring energy security.**

5. സാമൂഹ്യ പരിഷ്കർത്താവ് അയ്യങ്കാളിയുടെ ജന്മദിനം കേരളം സമുചിതമായി ആചരിച്ചു. ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി

   **Kerala celebrated the birth anniversary of social reformer Ayyankali in a befitting manner. Prime Minister paid tributes.**

6. ഗ്രാൻഡ് ചെസ് ടൂർ ഫൈനൽ യോഗ്യത നേടി ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ.പ്രഗ്നാനന്ദ.

**Indian Grand Master R. Praggnanandha qualified for the Grand Chess Tour finals..**

## PM JAPAN CHINA

പ്രധാനമന്ത്രി നരേന്ദ്ര മോദി ജപ്പാൻ, ചൈന സന്ദർശനങ്ങൾക്കായി ഇന്ന് യാത്ര തിരിക്കും. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. പ്രതിരോധം, സുരക്ഷ, സമ്പദ് വ്യവസ്ഥ, സാങ്കേതികവിദ്യ തുടങ്ങി വിവിധ മേഖലകളിലെ സഹകരണ സാധ്യതകൾ ജപ്പാൻ പ്രധാനമന്ത്രിയുമായി ചർച്ച ചെയ്യും. ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ പ്രധാനമന്ത്രി ചൈന സന്ദർശിക്കും. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

## AMIT SHAH-ASSAM VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അസമിലെത്തും. ഗുവാഹത്തിയിൽ രാജ്ഭവനോട് ചേർന്ന് നിർമിച്ച ബ്രഹ്മപുത്ര വിങ്ങിൻറെ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിക്കും. ദേശീയ സൈബർ ഫോറൻസിക് ലാബ് ശ്രീ അമിത് ഷാ വെർച്വലായി ഉദ്ഘാടനം ചെയ്യും. 20,000 ത്തോളം പഞ്ചായത്ത് പ്രതിനിധികളുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും.

## GEORGE KURIEN (INTRO)

ജനക്ഷേമത്തോടൊപ്പം രാജ്യവികസനവും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. ന്യൂനപക്ഷ മത്സ്യത്തൊഴിലാളി സമൂഹത്തിൻറെ ശാക്തീകരണത്തിനായി ആവിഷ്കരിച്ച 'മത്സ്യശക്തി' പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തദ്ദേശീയ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം ജനങ്ങൾ

ഏറ്റെടുക്കണമെന്നും ശ്രീ ജോർജ്ജ് കുര്യൻ പറഞ്ഞു.
(ഹോൾഡ്)
സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൻറെ തിരുവനന്തപുരം വിഴിഞ്ഞം റീജിയണൽ സെൻറർ ആണ് മത്സ്യശക്തി പദ്ധതി നടപ്പാക്കുന്നത്. ന്യൂനപക്ഷകാര്യ മന്ത്രാലയവും സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനവും തമ്മിൽ ഇത് സംബന്ധിച്ച ധാരണാപത്രവും ഒപ്പുവച്ചു.

## INDIA-BANGLADESH

അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ഇന്ത്യയും ബംഗ്ലാദേശും ധാരണയായി. സംയുക്ത പട്രോളിങ് ഉൾപ്പെടെയുള്ള നടപടികൾ ശക്തമാക്കാൻ ഇരുരാജ്യങ്ങളും തീരുമാനിച്ചു. ഇന്ത്യൻ ബോർഡർ സെക്യൂരിറ്റി ഫോഴ്സ് - ബോർഡർ ഗാർഡ് ബംഗ്ലാദേശ് ഡയറക്ടർ ജനറൽമാർ ധാക്കയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്.

## AYYANKALI JAYANTHI

നവോത്ഥാന കേരളത്തിന് അടിത്തറ പാകിയവരിൽ പ്രമുഖനായ സാമൂഹ്യ പരിഷ്കർത്താവ് അയ്യങ്കാളിയുടെ ജന്മദിനം കേരളം സമുചിതമായി ആചരിച്ചു. പട്ടികജാതി -പട്ടികവർഗ്ഗ പിന്നാക്ക വകുപ്പുകളുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് കനകക്കുന്ന് മുതൽ വെള്ളയമ്പലം വരെ നടന്ന ഘോഷയാത്ര മന്ത്രി ഒ.ആർ കേളു ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് അയ്യങ്കാളി അനുസ്മരണ സമ്മേളനവും നടന്നു.

## AYYANKALI 2

മഹാത്മാ അയ്യങ്കാളിയുടെ ജയന്തി ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. സാമൂഹിക നീതിയുടെയും ശാക്തീകരണത്തിന്റെയും അടയാളമായി അയ്യങ്കാളി ഓർമ്മിക്കപ്പെടുമെന്നും അദ്ദേഹം അനുസ്മരിച്ചു. ആധുനിക കേരളത്തിന് അടിത്തറ പാകുന്നതിൽ, മഹാത്മാ അയ്യങ്കാളി വഹിച്ച പങ്ക് നിസ്തുലമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

അഭിപ്രായപ്പെട്ടു. തിരുവനന്തപുരത്ത് കെ പി സി സി ആസ്ഥാനത്ത് അയ്യൻകാളി ജയന്തി ദിനാചരണം നടന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡

## PREZ-MH

മുംബൈയിലെ വിരാറിൽ ഇന്നലെ നാലുനില കെട്ടിടം തകർന്നുവീണുണ്ടായ അപകടത്തിൽ 17 മരണം. 9 പേർക്ക് പരിക്ക്. 24 പേരെ രക്ഷപ്പെടുത്തി. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങളെ രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചനം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NIRMALA-QATAR MEETING

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനും ഖത്തർ വിദേശകാര്യ സഹമന്ത്രി അഹമ്മദ് ബിൻ മുഹമ്മദ് അൽ-സയീദും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കഴിഞ്ഞ ദശകത്തിൽ ഇന്ത്യ സ്വീകരിച്ച നടപടികൾ ചർച്ചകളിൽ ശ്രീമതി സീതാരാമൻ വ്യക്തമാക്കി. ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിലും സാങ്കേതിക പുരോഗതിയിലും ഖത്തർ പ്രതിനിധി സംഘം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## GRAND CHESS TOUR

ഗ്രാൻഡ് ചെസ് ടൂർ ഫൈനലിലേക്ക് ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ ആർ.പ്രഗ്നാനന്ദ യോഗ്യത നേടി. അമേരിക്കൻ താരവുമായി നടന്ന മത്സരം സമനിലയിൽ പിരിഞ്ഞതാണ് പ്രഗ്നാനന്ദയുടെ ഫൈനൽ പ്രവേശനം ഉറപ്പിച്ചത്. നിലവിൽ 2025 G C T -യിൽ നാലാം സ്ഥാനത്താണ് പ്രഗ്നാനന്ദ.

✡✡✡✡✡✡✡✡✡✡✡✡✡✡

## ADNOC - IOC - INTRO

ഊർജ്ജ സുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ദ്രവീകൃത പകൃതി വാതകം വാങ്ങുന്നതിനുള്ള കരാറിൽ ഇന്ത്യയും യു എ ഇയും ഒപ്പുവച്ചു. കരാർ പ്രകാരം ഇന്ത്യൻ തുറമുഖങ്ങളിലേക്ക് പ്രതിവർഷം 2.2 ദശലക്ഷം ടൺ LNG എത്തിക്കും.

വിശദാംശങ്ങളിലേക്ക്.........

(വോയിസ്)

✡✡✡✡✡✡✡✡✡✡✡✡✡✡

## KSRTC - KERALA

കെ.എസ്.ആർ.ടി.സി നാളെ മുതൽ അടുത്ത മാസം 15 വരെ നടത്തുന്ന ഓണക്കാല സ്പെഷ്യൽ സർവീസുകളിലേക്ക് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് ആരംഭിച്ചു. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ബംഗളൂരു, മൈസൂർ, ചെന്നൈ എന്നിവിടങ്ങളിലേയ്ക്കും തിരിച്ചുമാണ് പ്രത്യേക അധിക സർവീസുകൾ.

✡✡✡✡✡✡✡✡✡✡✡✡✡✡

## AMOEBIC

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം ഉൾപ്പെടെ ജലജന്യ രോഗ പ്രതിരോധം ലക്ഷ്യമിട്ട് ശനിയും ഞായറും എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്തും. ആരോഗ്യ- തദ്ദേശ വകുപ്പുകളും, ഹരിതകേരളം മിഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജലസംഭരണ ടാങ്കുകൾ കഴുകി വൃത്തിയാക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡

## COTTON-EXEMPT

പരുത്തിയുടെ ഇറക്കുമതി തീരുവ ഇളവ് ഡിസംബർ 31 വരെ നീട്ടാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. ഇന്ത്യൻ വസ്ത്ര മേഖലയ്ക്ക് പരുത്തിയുടെ ലഭ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് നടപടി യെന്ന് ധനമന്ത്രാലയം അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NFRA CHAIRPERSON

ഇന്ത്യ നിക്ഷേപകരുടെ രാജ്യമായി മാറുകയാണെന്ന് നാഷണൽ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് അതോറിറ്റി ചെയർപേഴ്സൺ നിതിൻ ഗുപ്ത. യുപിഐ, ജി.എസ്.ടി, ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രോത്സാഹന പദ്ധതികൾ തുടങ്ങിയ പരിഷ്കാരങ്ങൾ നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതായി ശ്രീ ഗുപ്ത പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ അജൈൽ ഗവേണൻസ് സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

✡✡✡✡✡✡✡✡✡✡✡✡✡✡

## CHINA- TAIWAN

ചൈനീസ് സൈനിക വിമാനങ്ങളും നാവികസേനാ കപ്പലുകളും തായ്‌വാൻറെ സമുദ്രാതിർത്തി ഇന്ന് രാവിലെ വീണ്ടും ലംഘിച്ച തായി തായ്‌വാൻ പ്രതിരോധ മന്ത്രാലയം സ്ഥിരീകരിച്ചു. 41 വിമാനങ്ങളും 8 കപ്പലുകളുമാണ് അതിർത്തി ലംഘിച്ചതായി കണ്ടെ ത്തിയത് എന്നും, സ്ഥിതിഗതികൾ നിരീക്ഷിക്കുകയും പ്രതികരി ക്കുകയും ചെയ്യുതായും തായ്‌വാൻ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## RUSSIA MISSILE STRIKE

യുക്രൈനിൽ റഷ്യ അടുത്തിടെ നടത്തിയ മിസൈൽ ആക്രമണത്തെ പ്രസിഡൻറ് വൊളോഡിമർ സെലൻസ്കി അപലപിച്ചു. കീവിൽ നടത്തിയ ആക്രമണത്തിൽ 17 പേരാണ് കൊല്ലപ്പെട്ടത്. നിരവധി പേർക്ക് പരിക്കേറ്റു. നയതന്ത്ര ബന്ധം തകർക്കുന്ന ഇത്തരം നടപടികൾക്കെതിരെ അന്താരാഷ്ട്ര സമൂഹം ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് യുക്രൈൻ പ്രസിഡൻറ് പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡

## VOLACANO JAPAN ERUPTION

ജപ്പാനിൽ അഗ്നിപർവ്വതസ്ഫോടനം. തെക്കുപടിഞ്ഞാറൻ ദ്വീപായ ക്യൂഷുവിലെ മൗണ്ട് ഷിൻമോയിലാണ് സ്ഫോടനം റിപ്പോർട്ട് ചെയ്യുത്.

സ്ഫോടനത്തെത്തുടർന്ന് 5,000 മീറ്റർ ഉയരത്തിലേക്ക് പുകയും ചാരവും ഉയർന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡

## US PUBLIC HEALTH AGENCY HEAD FIRED

യുഎസിലെ ഉന്നത പൊതുജനാരോഗ്യ ഏജൻസിയായ സെൻററ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ മേധാവി സൂസൻ മൊണാരെസിനെ പുറത്താക്കിയതായി ട്രംപ് ഭരണകൂടം സ്ഥിരീകരിച്ചു. ആരോഗ്യ സെക്രട്ടറി റോബർട്ട് എഫ്. കെന്നഡി ജൂനിയറുമായുള്ള തർക്കത്തിനിടെ സ്ഥാനമൊഴിയാൻ വിസമ്മതിച്ച തിനെത്തുടർന്നാണ് നടപടി.

✡✡✡✡✡✡✡✡✡✡✡✡✡✡

## PAKISTAN FLOOD DEATHS

പാകിസ്ഥാനിൽ കനത്ത വെള്ളപ്പൊക്കം. കഴിഞ്ഞ 24 മണിക്കൂറിനു ള്ളിൽ 17 പേർ മരിച്ചതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. സത്‌ലജ്, രവി, ചെനാബ് നദികളിലെ വെള്ളപ്പൊക്കത്തെ ത്തുടർന്ന് പഞ്ചാബ് പ്രവിശ്യയിലുടനീളമുള്ള നൂറുകണക്കിന് ഗ്രാമങ്ങൾ വെള്ളത്തിൽ മുങ്ങി. വ്യാപക നാശനഷ്ടമുണ്ടായതായി റിപ്പോർട്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡

## JK NH closed

മോശം കാലാവസ്ഥയെ തുടർന്ന് ജമ്മു - ശ്രീനഗർ ദേശീയ പാത തുടർച്ചയായ മൂന്നാം ദിവസമായ ഇന്നും അടച്ചിട്ടു. ഉദംപൂർ - റാംബാൻ മേഖലകളിൽ ഒന്നിലേറെ തവണ മണ്ണിടിച്ചിലുണ്ടായ താണ് ഗതാഗതം തടസ്സപ്പെടാൻ കാരണം. 600 ലധികം വാഹനങ്ങൾ പലയിടങ്ങളിലായി കുടുങ്ങി കിടക്കുകയാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡

## J and K - SMVD

ജമ്മു കശ്മീരിൽ, വൈഷ്ണോ ദേവി തീർത്ഥാടനം തുടർച്ചയായ മൂന്നാം ദിവസവും നിർത്തിവച്ചു. യാത്രാ വഴിയിലെ അദ് -കുവാരിയിലു ണ്ടായ മണ്ണിടിച്ചിലിനെ തുടർന്നാണ് യാത്ര നിർത്തിവച്ചത്. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തീർത്ഥാടനം

മാറ്റിവയ്ക്കാൻ അധികൃതർ നിർദ്ദേശിച്ചു. സുരക്ഷിത തീർത്ഥ യാത്രയ്ക്കായുള്ള നടപടികൾ പുരോഗമിക്കുകയാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡

## AUSTRALIA NUISANCE TARIFF CUT

സ്വതന്ത്ര വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമത്തിൻറെ ഭാഗമായി, 500 താരിഫുകൾ കൂടി കുറയ്ക്കുമെന്ന് ഓസ്ട്രേലിയൻ സർക്കാർ പ്രഖ്യാപിച്ചു. ടയറുകൾ, വൈൻ ഗ്ലാസുകൾ, ടെലിവിഷനുകൾ എന്നിവയുൾപ്പെടെയുള്ള ഇനങ്ങളുടെ മേലുള്ള ചെറിയ താരിഫുകൾ നീക്കം ചെയ്യും.

✡✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡✡

✡✡✡✡✡